അക്രമം സർക്കാരിന്റെ സമ്മതത്തോടെ: ഉമ്മൻചാണ്ടി

തിരുവനന്തപുരം: സംസ്ഥാന സർക്കാരിന്റെ മൗനസമ്മതത്തോട്ടു കൂടിയുള്ള അക്രമങ്ങളാണ് കണ്ണൂരിൽ നടക്കുന്നതെന്ന് ഉമ്മൻചാണ്ടി പ്രസ്താവിച്ചു. തുടർച്ചയായ സി.പി.എം-ബിജെപി സംഘട്ടനം കോൺഗ്രസിലേക്കു കൂടി വ്യാപിപ്പിച്ച് കേരളത്തെ കലാപഭൂമിയാക്കാനുള്ള ശ്രമത്തിന്റെ ഭാഗമാണ് ടി.എച്ച്. ഷുഹൈബിന്റെ ക്രൂരമായ കൊലപാതകം. അവിടെ നിലനിന്ന പ്രാദേശിക പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടും പൊലീസ് അനങ്ങിയില്ല.

ഷുഹൈബ് കൊല സി.പി.എം ഭീകരത: എ.കെ. ആന്റണി

തിരുവനന്തപുരം: യൂത്ത് കോൺഗ്രസ് നേതാവ് ടി.എച്ച്. ഷുഹൈബിനെ വെട്ടിക്കൊന്ന സംഭവം സി.പി.എം ഭീകരതയുടെ ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണെന്ന് കോൺഗ്രസ് പ്രവർത്തക സമിതി അംഗം എ.കെ.ആന്റണി പ്രസ്താവിച്ചു. സി.പി.എം ഭീകരതയ്ക്ക് മുന്നിൽ സംസ്ഥാന പൊലീസ് നിഷ്ക്രിയരായിരിക്കുകയാണ്. അധികാരത്തിന്റെ തണലിൽ എന്തുമാകാമെന്നതാണ് സി.പി.എം മാനോഭാവം. സ്വന്തം രക്തത്തിൽ അലിഞ്ഞ കൊലപാതക രാഷ്ട്രീയം ഉപേക്ഷിക്കാൻ അവർ തയ്യാറല്ലെന്ന് ഒരിക്കൽ കൂടി വ്യക്തമാക്കുന്നതാണ് കണ്ണൂർ സംഭവം. സ്വന്തം ജില്ലയിലെ ക്രമസമാധാനം പോലും ഉറപ്പുവരുത്താൻ ആഭ്യന്തര വകുപ്പ് കൈകാര്യം ചെയ്യുന്ന മുഖ്യമന്ത്രിക്ക് കഴിയുന്നില്ല.

ഇന്ന് മന്ത്രിസഭാ യോഗം

തിരുവനന്തപുരം: പുനർവിജ്ഞാപനത്തിനായി മന്ത്രിസഭായോഗം ശുപാർശ ചെയ്ത 19 ഓർഡിനൻസുകളിൽ ഗവർണർ പി. സദാശിവം ഒപ്പുവച്ച സ്ഥിതിക്ക് മന്ത്രിസഭായോഗം ഇന്ന് ചേർന്ന് നിയമസഭാ സമ്മേളനം വിളിക്കാൻ ശുപാർശ ചെയ്തേക്കും. ബസ് ചാർജ് വർദ്ധിപ്പിക്കുന്നതും ഇന്ന് തീരുമാനിക്കും. ഓർഡിനൻസ് ഒപ്പിടാൻ വൈകിയാൽ മന്ത്രിസഭാ യോഗം നാളത്തേക്ക് മാറ്റാൻ നേരത്തേ ആലോചിച്ചിരുന്നു. സമ്പൂർണ ബഡ്ജറ്റ് പാസാക്കാനായി 26 മുതൽ ഏപ്രിൽ നാലു വരെ നിയമസഭാ സമ്മേളനം വിളിച്ചു ചേർക്കാനാണ് സർക്കാർ തീരുമാനം. ചാർജ് വർദ്ധന നീണ്ടു പോയാൽ സമരം തുടങ്ങുമെന്ന സ്വകാര്യ ബസ് ഉടമകൾ അറിയിച്ചിരുന്നു.

സി.പി.എം സമ്മേളനം: കൊടിമര ജാഥ ഉദ്ഘാടനം വി.എസ്

തിരുവനന്തപുരം: ഈ മാസം 22 മുതൽ 25 വരെ തൃശ്ശൂരിൽ നടക്കുന്ന സി.പി.എം സംസ്ഥാന സമ്മേളന നഗരിയിൽ ഉയർത്താനുള്ള കൊടിമരം വയലാറിൽ നിന്നും പതാക കയ്യൂരിൽ നിന്നും കൊണ്ടുവരും. ആനത്തലവട്ടം ആനന്ദന്റെ നേതൃത്വത്തിൽ വയലാറിൽ നിന്ന് 19 ന് ആരംഭിക്കുന്ന കൊടിമര ജാഥ വി.എസ്. അച്യുതാനന്ദൻ ഉദ്ഘാടനം ചെയ്യും.

എം.വി. ഗോവിന്ദൻ മാസ്റ്ററുടെ നേതൃത്വത്തിൽ സമ്മേളന നഗരിയിലേക്ക് കൊണ്ടുവരുന്ന പതാക 16 ന് കയ്യൂരിൽ ഇ.പി.ജയരാജൻ, ഗോവിന്ദൻ മാസ്റ്റർക്ക് കൈമാറി ഉദ്ഘാടനം ചെയ്യും. കേരളത്തിലെ 577 രക്തസാക്ഷി സ്മൃതി കുടീരങ്ങളിൽ നിന്ന് പുറപ്പെടുന്ന ദീപശിഖാ പ്രയാണത്തിന്റെ തിരുവനന്തപുരം പാറശാലയിലെ ഉദ്ഘാടനം 15 ന് വൈക്കം വിശ്വൻ നിർവഹിക്കും.

പൊട്ടിത്തെറി ഉരുക്കു പ്ലേറ്റ് മാറ്റുന്നതിനിടെ

കൊച്ചി: അപകടത്തിൽപ്പെട്ട കപ്പൽ അറ്റകുറ്റപ്പണിക്കായി ഡ്രൈ ഡോക്കിലായിരുന്നു. കടലിലായിരിക്കെ ജലനിരപ്പിന് താഴെ വരുന്ന കപ്പലിന്റെ മുൻഭാഗത്ത് വെള്ളം കയറ്റുന്ന ഹോട്ട് വാട്ടർ ടാങ്ക് ഒന്നിലെ ഉരുക്കു പ്ലേറ്റ് മാറ്റി പുതിയത് വെൽഡ് ചെയ്യുന്നതിനിടെയായിരുന്നു പൊട്ടിത്തെറി. ഗ്യാസിന്റെ മണം വന്നതിനെത്തുടർന്ന് ഫയർ ആൻഡ് സേഫ്ടിയിലെ ജെവിനും ഉണ്ണിക്കൃഷ്ണനും അറിയിച്ചതനുസരിച്ച് ഫയർ വിഭാഗം കപ്പലിൽ പ്രവേശിക്കുന്നതിന് തൊട്ടുമുമ്പ് പൊട്ടിത്തെറി നടന്നതായി കപ്പൽശാല ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ മധു എസ്. കുമാർ പറഞ്ഞു.

ടാങ്കിനുള്ളിലായിരുന്ന 12 പേരാണ് അപകടത്തിൽപ്പെട്ടത്. ടാങ്കിലെ ഗ്യാസ് നിർവീര്യമാക്കിയ ശേഷമാണ് മാൻഹോൾ വഴി താഴെയിറങ്ങി പരിക്കേറ്റവരെ പുറത്തെടുത്തത്. അഞ്ച് പേരും ടാങ്കിനുള്ളിൽ തന്നെ മരിച്ച നിലയിലായിരുന്നു. കപ്പൽശാലയുടെയും ഫയർഫോഴ്സിന്റെയും സംഘങ്ങളെത്തിയാണ് രക്ഷാപ്രവർത്തനം നടത്തിയത്. 11.20ന് അവസാനത്തെ ആളെയും പുറത്തെടുത്തു.

ഹോട്ട് വാട്ടർ ടാങ്കിന് രണ്ടുണ്ട് പ്രയോജനം

കൊച്ചി: എണ്ണപര്യവേക്ഷണത്തിന് പുറംകടലിൽ ആഴ്ചകളോളം തങ്ങുന്ന കപ്പലിലെ രണ്ട് കൂറ്റൻ വെള്ള ടാങ്കുകളിൽ ഒന്നിലാണ് ഇന്നലെ പൊട്ടിത്തെറിയുണ്ടായത്. കുടിക്കാനും വ്യവസായിക ആവശ്യത്തിനും ഉപയോഗിക്കുന്ന വെള്ളമാണ് ടാങ്കിൽ സൂക്ഷിക്കുന്നത്.

സാഗർ ഭൂഷൺ കപ്പലിൽ രണ്ട് വെള്ള ടാങ്കുകളാണുള്ളത്. മുന്നിലും പിന്നിലും. ഹോട്ട് വാട്ടർ ടാങ്ക് എന്നാണ് ഇവയെ വിളിക്കുന്നത്. എണ്ണ പര്യവേഷണം നടത്തുന്ന കപ്പലാണിത്. പുറംകടലിലേയ്ക്ക് പോകുമ്പോൾ രണ്ടു ടാങ്കുകളിലുംവെള്ളംനിറയ്ക്കും. കപ്പൽജീവനക്കാരുടെ കുടിവെള്ള ആവശ്യത്തിനാണ് പ്രധാനമായും ഈ വെള്ളം ഉപയോഗിക്കുക. ഡ്രില്ലിംഗിന് വേണ്ടിയും വെള്ളം ഉപയോഗിക്കാറുണ്ടെന്ന് കപ്പൽശാല വൃത്തങ്ങൾ പറഞ്ഞു.

അപേക്ഷ ക്ഷണിക്കാതെ ആളെ എടുക്കുന്ന ശീലം എൽ .ഡി.എഫിൽ ഇല്ല:കാനം


'മാണിക്യ മലരായ പൂവീ..
...കച്ചവടത്തിനായച്ചു കണ്ട നേരം വൽസിനുള്ളിൽ മോഹമുദിച്ചു...
വാലന്റൈൻ ദിനം FEB-14
ഓഡിMKV

കപ്പൽശാലാ ജീവനക്കാരുടെ സുരക്ഷ ഉറപ്പാക്കണം: കാനം

തിരുവനന്തപുരം: കൊച്ചി കപ്പൽശാലയിലെ പൊട്ടിത്തെറിയിൽ അഞ്ചു പേർമരിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തണമെന്നും ജീവനക്കാർക്ക് മതിയായ സുരക്ഷാ സൗകര്യമൊരുക്കണമെന്നും സി.പി.ഐ സംസ്ഥാന സെക്രട്ടറി കാനം രാജേന്ദ്രൻ ആവശ്യപ്പെട്ടു.

അറ്റകുറ്റപ്പണിക്കു കൊണ്ടുവന്ന കപ്പലിൽ പണി നടക്കവേയാണ് പൊട്ടിത്തെറി. വേണ്ടത്ര സ്ഥിരം ജോലിക്കാർ പൊട്ടിത്തെറി സമയത്തില്ലായിരുന്നു എന്നാണ് റിപ്പോർട്ട്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

ചെന്ത്രാപ്പിന്നി സ്കൂളിൽ പരീക്ഷ എഴുതാൻ ഇരട്ടക്കൂട്ടം റെഡി

ഉദയകുമാർ കയ്പമംഗലം

കയ്പമംഗലം: ചെന്ത്രാപ്പിന്നി ഹയർസെക്കൻഡറി സ്കൂളിലെ എസ്.എസ്.എൽ.സി പരീക്ഷാ ഹാളിലേക്ക് കടന്നു വന്നാൽ ആരായാലും ഒന്ന് അമ്പരക്കും. കണ്ടാൽ തിരിച്ചറിയാനാകാത്ത വിധം രൂപസാദൃശ്യമുള്ള ഇരട്ടക്കുട്ടികളുടെ മേളമാണ് ഇവിടെ. ഒന്നും രണ്ടുമല്ല എട്ട് ഇരട്ടകളാണ് എസ്.എസ്.എൽ.സിക്ക് തയ്യാറെടുക്കുന്നത്.

ഒരേ മനസോടെ, ഒരേ രൂപഭാവത്തോടെ പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന ഇരട്ടക്കൂട്ടത്തിന്റെ ലക്ഷ്യം എല്ലാ വിഷയങ്ങൾക്കും എ പ്ലസാണ്. എകദേശം നാലു കിലോമീറ്റർ ചുറ്റുവട്ടത്തുള്ള എടത്തിരുത്തി, കയ്പമംഗലം, കാട്ടൂർ പഞ്ചായത്തുകളിലെ വിവിധ സ്ഥലങ്ങളിൽ നിന്നാണ് ഈ ഇരട്ടക്കുട്ടികൾ വരുന്നത്.

വലപ്പാട് ഉപജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികൾ പരീക്ഷ എഴുതാൻ പോകുന്നത് ഇവിടെ നിന്നാണെന്ന് പ്രധാന അദ്ധ്യാപകൻ പി.ബി. കൃഷ്ണകുമാർ പറഞ്ഞു.

ഇരട്ട കുട്ടികൾ പ്രധാന അദ്ധ്യാപകനോടോപ്പം

9 പെൺകുട്ടികൾ, 7 ആൺകുട്ടികൾ

KAUMUDI SPECIAL

1. കാളമുറി തോട്ടുപറമ്പത്ത് നൗഷാദ് ഷാജിത ദമ്പതികളുടെ മക്കൾ മുഹമ്മദ് അസീബ്, മുഹമ്മദ് അസ്ലം
2. ചെന്ത്രാപ്പിന്നി ഈസ്റ്റ് മഠത്തികുളം കോലുംതറവാട്ടിൽ സജിതന്റെയും സഞ്ജുവിന്റെയും മക്കളായ അഭിരാമി, ആതിര
3. കയ്പമംഗലം മൂന്നുപീടിക കോലത്ത് ധർമ്മരാജൻ ശ്രീബ എന്നിവരുടെ മക്കളായ ധന്യ, ദിവ്യ
4. ചെന്ത്രാപ്പിന്നി ഈസ്റ്റ് പുഴങ്കരയില്ലത്ത് അബ്ദുൾ കരീം ഷക്കീല ദമ്പതികളുടെ മക്കളായ സജ്ന, ഷബ്ന
5. കാളമുറി ചിറയത്ത് അനിൽകുമാർ- അനിത എന്നിവരുടെ മക്കളായ അവന്തിക അമാനിക
6. കരാഞ്ചിറ കുന്നത്ത് പ്രകാശൻ സിനി എന്നിവരുടെ മക്കൾ സുസ്മിത്ത്, സുമിത്ത്
7. കയ്പമംഗലം 12 ൽ തോട്ടുപറമ്പത്ത് നൗഷാദ് സുലേഖ എന്നവരുടെ മക്കളായ ഷുഹൈബ്, സുഹൈൽ
8. ചൂലൂർ കുറവങ്കാട്ടിൽ റഫീക് മുംതാസ് എന്നിവരുടെ മക്കളായ രുക്സാന, ആസിഫ്

കര ഭൂമി രേഖകളിൽ നിലമായി; കണ്ണീർക്കയത്തിൽ കർഷകർ

കെ.പി.കൈലാസ്നാഥ്

KAUMUDI EXCLUSIVE

കെട്ടിക്കിടക്കുന്നത് 4 ലക്ഷം അപേക്ഷകൾ

നവംബർ അവസാനം വരെ ലഭിച്ച 300 മുതൽ 1500 വരെ അപേക്ഷകളാണ് ഓരോ കൃഷി ഭവനിലും കെട്ടിക്കിടക്കുന്നത്. സംസ്ഥാനത്താകെ നാല് ലക്ഷത്തോളം അപേക്ഷകൾ. പ്രാഥമിക പരിശോധനയിൽ നിലമല്ലെന്ന് ബോദ്ധ്യപ്പെടുന്നിടത്തും സാറ്റ്‌ലൈറ്റ് പരിശോധന വേണമെന്നാണ് കൃഷി ഓഫീസർമാർ പറയുന്നത്. 50 വർഷം വരെ പഴക്കമുള്ള മരങ്ങളുണ്ടായിട്ടും രക്ഷയില്ലെന്നാണ് കർഷകരുടെ പരാതി.

> സാമ്പത്തിക വർഷാവസാനത്തിൽ പദ്ധതി നടത്തിപ്പിന്റെ ഭാരമുള്ളതിനാലാണ് നടപടി വൈകുന്നത്. നിയമ പ്രകാരം സാറ്റലൈറ്റ് പരിശോധന നടത്തിയാലേ 2008ന് മുമ്പ് വയലായിരുന്നോയെന്ന് തീരുമാനിക്കാനാവൂ
>
> -കൃഷി ഓഫീസർമാർ

തിരുവനന്തപുരം: ഉദ്യോഗസ്ഥരുടെ കൈപ്പിഴ മൂലം രേഖകളിൽ നിലമാക്കി മാറ്റിയ സ്വന്തം ഭൂമി തിരിച്ചു കിട്ടാൻ ലക്ഷക്കണക്കിന് കർഷകർ സർക്കാരിന്റെ കനിവ് തേടുന്നു. 2008 ലെ തണ്ണീർത്തട - നെൽവയൽ സംരക്ഷണ നിയമത്തെ തുടർന്നാണ് നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും നിലനിറുത്താൻ സർക്കാർ കൃഷി ഓഫീസർമാരെയും വില്ലേജ് ഓഫീസർമാരെയും ഉപയോഗിച്ച് ഡേറ്റാ ബാങ്ക് തയ്യാറാക്കിയത്. പലയിടത്തും സ്ഥലത്ത് പോയി പരിശോധന നടത്താതെയാണ് ഇത് ചെയ്തത്. 50 ഉം 60 ഉം വർഷം മുമ്പ് വയൽ നികത്തിയ ഭൂമിയും കരഭൂമിയുമൊക്കെ വീണ്ടും നിലമായി.

പരിഹാരം

■ 2008ന് മുമ്പ് പാടം നികത്തിയ ഭൂമി ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടിട്ടില്ലെങ്കിൽ, റവന്യൂ രേഖകളിൽ നിലമാണെങ്കിലും ന്യായവിലയുടെ 50 ശതമാനം അടച്ച് ക്രമവത്കരിക്കാം.

■ ഡേറ്റാ ബാങ്കിൽ ഉൾപ്പെട്ടതാണെങ്കിൽ 100 രൂപ കോർട്ട് ഫീസ് സ്റ്റാമ്പ് പതിച്ച് കർഷക പ്രതിനിധികൾ അടങ്ങിയ പ്രാദേശിക നിരീക്ഷണ സമിതിയുടെ കൺവീനറായ കൃഷി ഓഫീസർക്ക് നൽകണം.

■ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും ചേർന്ന് സ്ഥല പരിശോധന നടത്തണം. സ്ഥലം തണ്ണീർത്തടമാണോ എന്ന് നിർണ്ണയിക്കേണ്ടത് കൃഷി ഓഫീസറാണ്. തുടർന്ന് ഇത് സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കണം.

■ 2008ലെ ഭൂമിയുടെ അവസ്ഥ ഇപ്പോഴത്തെ സ്ഥിതി വച്ച് നിർണയിക്കാൻ സാദ്ധ്യമാകാതിരുന്നാലേ റിമോട്ട് സെൻസിംഗ് സെന്ററിന്റെ പരിഗണനയ്ക്ക് അയക്കേണ്ടതുള്ളൂ. ഇതിന് പണമടച്ച് എഫ്.എം.ബി സ്കെച്ച് സംഘടിപ്പിക്കണം. സാറ്റലൈറ്റ് പരിശോധനയ്ക്ക് 1500 രൂപ അടയ്ക്കണം.

ബിജു രമേശിന്റെ വെളിപ്പെടുത്തൽ

കോഴക്കേസ് കടുപ്പിച്ചാൽ ബാറുകൾ തുറക്കാമെന്ന് ഉറപ്പ് നൽകിയിരുന്നു

തിരുവനന്തപുരം: കെ.എം. മാണിക്കെതിരായ കോഴക്കേസ് ശക്തമായി മുന്നോട്ടു കൊണ്ടുപോയാൽ തങ്ങൾ അധികാരത്തിലെത്തുമ്പോൾ എല്ലാ ബാറുകളും തുറക്കാൻ അനുമതി നൽകാമെന്ന് സി.പി.എം നേതൃത്വം ഉറപ്പു നൽകിയിരുന്നതായി ഡോ. ബിജു രമേശിന്റെ വെളിപ്പെടുത്തൽ. എന്നാൽ എൽ.ഡി.എഫ് അധികാരത്തിലെത്തിയ ശേഷം മലക്കംമറിയുകയായിരുന്നെന്നും അദ്ദേഹം വ്യക്തമാക്കി.

തലസ്ഥാനത്തെ തന്റെ വീട്ടിലെത്തിയാണ് സി.പി.എം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ ഇക്കാര്യം സംസാരിച്ചതെന്ന് ബിജു രമേശ് കേരളകൗമുദിയോടു പറഞ്ഞു.

കോഴക്കേസ് തെളിയിച്ചാൽ, ഭരണമാറ്റത്തിലൂടെ തങ്ങൾ അധികാരത്തിലെത്തുമ്പോൾ പൂട്ടിയ എല്ലാ ബാറുകളും തുറക്കാൻ അനുമതി നൽകാമെന്നായിരുന്നു ഉറപ്പ്.

ഈ ഉറപ്പിന്റെ അടിസ്ഥാനത്തിൽ ബാർഹോട്ടൽ അസോസിയേഷന്റെ യോഗം വിളിച്ചുകൂട്ടി എല്ലാ ബാറുടമകളെയും താൻ ഇക്കാര്യം അറിയിച്ചു. താൻ ഹോട്ടലുടമകളുടെ യോഗത്തിൽ ഇക്കാര്യം പറഞ്ഞത് എങ്ങനെയോ റെക്കാഡ് ചെയ്തതിന്റെ ശബ്ദരേഖയാണ് തനിക്കെതിരെ അന്ന് പുറത്തുവിട്ടത്. എന്നാൽ അധികാരത്തിൽ വന്നതോടെ സി.പി.എം നിലപാട് മാറ്റി. ത്രീസ്റ്റാർ മുതൽ മുകളിലേക്ക് പദവിയുള്ള ബാറുകൾ തുറന്നാൽ മതിയെന്ന തീരുമാനത്തിലായി. ഇത് വഞ്ചനയാണ്. പ്രവർത്തിപ്പിക്കാവുന്ന 450 ഓളം ബാറുകളാണ് സംസ്ഥാനത്ത് അടഞ്ഞു കിടക്കുന്നത്.

അന്വേഷണത്തിന് ഉന്നത സംഘങ്ങൾ

കൊച്ചി: കപ്പൽശാലയിലുണ്ടായ പൊട്ടിത്തെറിയെക്കുറിച്ച് കേന്ദ്ര - സംസ്ഥാന സർക്കാർ ഏജൻസികൾ ഉന്നതതല അന്വേഷണം ആരംഭിച്ചു. കപ്പൽശാലയും ആഭ്യന്തര അന്വേഷണത്തിന് തുടക്കമിട്ടു.

കേന്ദ്ര ഷിപ്പിംഗ് മന്ത്രാലത്തിലെ ഡയറക്ടർ ജനറൽ മാലിനി വി. ശങ്കർ ഇന്ന് കപ്പൽശാലയിലെത്തും. കൊച്ചിയിലെ പ്രിൻസിപ്പൽ ഓഫീസർ അപകടമുണ്ടായ ഉടൻ കപ്പൽശാല സന്ദർശിച്ചു. സംസ്ഥാന ഫാക്ടറീസ് ആൻഡ് ബോയിലേഴ്സ് ഡയറക്ടർ പ്രമോദ് വൈകിട്ട് സ്ഥലം പരിശോധിച്ചു. പൊലീസ് ഐ.ജി. വിജയ് സാക്കറേ, കമ്മിഷണർ എം.പി. ദിനേശ് തുടങ്ങിയവരും സ്ഥലത്തെത്തി.

രക്ഷിക്കാൻ ശ്രമിച്ചു; ഉണ്ണിയും ജെവിനും ജീവൻ വെടിഞ്ഞു

എം.എസ്.സജീവൻ

കൊച്ചി: കപ്പലിനുള്ളിൽ ഗ്യാസ് ചോർച്ചയെ തുടർന്നുള്ള സുരക്ഷാ നടപടികൾക്കിടെയാണ് ജീവനക്കാരായ സി.എസ്. ഉണ്ണിക്കൃഷ്ണനും ജെവിൻ റെജിയും പൊട്ടിത്തെറിയിൽ അകപ്പെട്ട് മരിച്ചത്. സുരക്ഷാ വിഭാഗം പരിശോധിച്ച് ഗ്യാസിന്റെ അംശമില്ലെന്ന് സർട്ടിഫിക്കറ്റ് നൽകിയാലേ രാവിലെ ആദ്യ ഷിഫ്ടിൽ കപ്പലിലെ അറയിൽ പണിക്കായി ഇറങ്ങാൻ അനുമതി ലഭിക്കൂ. ഇന്നലെ പതിവുപോലെ പരിശോധിച്ച് ഗ്യാസ് ഫ്രീ സർട്ടിഫിക്കറ്റ് നൽകിയിരുന്നു. തുടർന്നാണ് തൊഴിലാളികൾ മാൻ ഹോളിലൂടെ കപ്പലിൽ വെള്ളം ശേഖരിക്കുന്ന ടാങ്കിനുള്ളിൽ ഇറങ്ങിയത്. ടാങ്കിന്റെ ഉരുക്കുപാളിയുടെ ഒരു ഭാഗം മാറ്റി പുതിയത് വെൽഡ് ചെയ്തു ചേർക്കുന്നതായിരുന്ന ജോലി. എയർ കണ്ടിഷൻ പ്ലാന്റിന് സമീപത്തെ ടാങ്കിന് പുറത്താണ് സീനിയർ ഫയർമാൻ സി.എസ്. ഉണ്ണിക്കൃഷ്ണനും സേഫ്ടി അസിസ്റ്റന്റ് ജെവിൻ റെജിയും നിന്നിരുന്നത്. 9.10 ഓടെ ഗ്യാസിന്റെ മണം അനുഭവപ്പെട്ട ജെവിൻ വിവരം ഉണ്ണിക്കൃഷ്ണനെ അറിയിച്ചു. സേഫ്ടി വിഭാഗം മാനേജർക്ക് ഫോണിൽ ഉണ്ണിക്കൃഷ്ണൻ വിവരം കൈമാറി. മുഴുവൻ പണികളും നിറുത്തിവയ്ക്കാൻ മാനേജർ നിർദ്ദേശവും നൽകി. കപ്പൽശാലയുടെ ഫയർ ഫൈറ്റിംഗ് വിഭാഗം കപ്പലിനടുത്തേക്ക് കുതിച്ചെത്തി. ഇവർ കപ്പലിൽ കയറും മുമ്പേ ടാങ്ക് പൊട്ടിത്തെറിച്ചു.

അവധി ദുരന്തം കുറച്ചു

കപ്പൽശാലയ്ക്ക് ഇന്നലെ ശിവരാത്രി അവധിയായത് മരണ സംഖ്യ കുറയാൻ കാരണമായി. സാധാരണ ദിവസം ഇരുനൂറോളം പേർ കപ്പലിൽ അറ്റകുറ്റപ്പണികൾക്കുണ്ടാകും. അപകടമുണ്ടായതിന് സമീപത്ത് മറ്റു പണികൾ നടന്നിരുന്നില്ല. അപകടം അകലെയായതിനാൽ മറ്റു കപ്പലുകളെ ബാധിച്ചില്ലെന്ന് അധികൃതർ പറഞ്ഞു.

സെൽഫിയുമെടുത്ത് മടങ്ങിയത് മരണത്തിലേക്ക്

അടൂർ പ്രദീപ്കുമാർ

ഏനാത്ത്: എറണാകുളത്തുള്ള ഭാര്യാ സഹോദരൻ റിജോയുടെ മകൻ ഏദന്റെ ഒന്നാം പിറന്നാൾ ആഘോഷത്തിൽ കഴിഞ്ഞ ഞായറാഴ്ച ഭാര്യ റൂബിക്കും മകനുമൊപ്പം ജെവിൻ പങ്കെടുത്തിരുന്നു.

ആഘോഷത്തിനിടെ മകനെ എടുത്തു നിൽക്കുന്ന സെൽഫിയും പകർത്തി ഇത് ഫേസ് ബുക്കിൽ പ്രൊഫൈൽ ചിത്രവുമാക്കിയാണ് ജെവിൻ ഷിപ്പ്‌യാർഡിലേക്ക് മടങ്ങിയത്. ഫേസ് ബുക്ക് പേജിലെ ചിത്രത്തിൽ നോക്കി വിതുമ്പുന്ന ഉറ്റവർക്ക് ഷിപ്പ്‌യാർഡ് ദുരന്തത്തിൽ മരിച്ച ഏനാത്ത് കടിക ചരുവിള വടക്കേതിൽ ജെവിൻ റജിയെ കുറിച്ച് നല്ല ഓർമ്മകൾ മാത്രമാണുള്ളത്. മൂന്ന് വർഷം മുൻപ് മരിച്ച പിതാവ് റജി അലക്സാണ്ടറുടെ ചരമവാർഷികദിനമായ ഫെബ്രുവരി 6ന് ഏനാത്ത് പള്ളിയിൽ നടന്ന ചടങ്ങിൽ കുടുംബാംഗങ്ങളോടൊപ്പം ജെവിൻ പങ്കെടുത്തിരുന്നു. അന്ന് ഭാര്യ റൂബിയോടും ഭാര്യാപിതാവ് രാജുവിനോടുമൊപ്പമാണ് അവസാനമായി നാട്ടിലെത്തിയത്.

ജെവിന്റെ സെൽഫി

ഏനാത്ത് മലങ്കര കത്തോലിക്കാ പള്ളിയിലെത്തി കുർബാനയും പിതാവിന്റെ കല്ലറയിൽ ധൂപപ്രാർത്ഥനയും നടത്തിയശേഷം കുടുംബവീട്ടിൽ എത്തി അയൽവാസികളെയും ബന്ധുക്കളെയും കണ്ടായിരുന്നു മടക്കം.

മാതാപിതാക്കൾ ഉത്തർപ്രദേശിൽ ആയതിനാൽ പ്ലസ് ടു വരെയുള്ള ജെവിന്റെ വിദ്യാഭ്യാസം അവിടെയായിരുന്നു. ഐ.ടി.ഐ, ഫയർ ആൻഡ് സേഫ്ടി കോഴ്സുകൾ പഠിച്ചത് നാട്ടിലാണ്. ഇതിനുശേഷം രണ്ട് വർഷം സൗദി അറേബ്യയിൽ ജോലി നോക്കി മടങ്ങിവന്ന ശേഷം മല്ലപ്പള്ളി സ്വദേശി റൂബിയെ ജീവിതസഖിയാക്കി.

പരിക്കേറ്റവർ

■ കോതമംഗലം അയ്‌രൂപ്പാടം സ്വദേശി പി.ടി. ശ്രീരൂപ് (35) ■ കപ്പൽശാലയുടെ കരാറുകാരന്റെ ജനറൽ വർക്കർ തൃപ്പൂണിത്തുറ ഉദയംപേരൂർ സ്വദേശി ജയ്സൺ വർഗീസ് (41) ■ മെഷീനിസ്റ്റ് കൊല്ലം വാളകം പെരുമാനൂർ സ്വദേശി അഭിലാഷ് (31).

നിസാര പരിക്ക്

■ കപ്പൽശാലയിലെ മെഷീനിസ്റ്റ് കോട്ടയം കല്ലറ സ്വദേശി സഞ്ജു ജോസഫ് ■ കരാറുകാരുടെ ജീവനക്കാരായ ഉത്തർപ്രദേശ് സ്വദേശി രാജൻറാം ■ പറവൂർ കൊങ്ങോർപ്പിള്ളി സ്വദേശി കെ.കെ. ടിന്റു ■ കൊച്ചി മുളവുകാട് സ്വദേശി പി.എസ്. ക്രിസ്റ്റിൻ. ഇവരെല്ലാം പ്രാഥമിക ചികിത്സയ്ക്ക് ശേഷം ആശുപത്രി വിട്ടു.

സി.പി.എമ്മിന്റെ കരട് രാഷ്ട്രീയ രേഖ

ബി.ജെ.പിയെ തോല്പിക്കാൻ പോലും കോൺഗ്രസുമായി ധാരണ വേണ്ട

സി.പി.ശ്രീഹർഷൻ

തിരുവനന്തപുരം: മതേതര, ജനാധിപത്യ കക്ഷികളെ അണിനിരത്തി ബി.ജെ.പിയെയും സഖ്യശക്തികളെയും തോല്പിക്കുകയാണ് മുഖ്യദൗത്യമെങ്കിലും അതിന് കോൺഗ്രസുമായി ധാരണയോ തിരഞ്ഞെടുപ്പ് സഖ്യമോ പാടില്ലെന്ന് സി.പി.എമ്മിന്റെ കരട് രാഷ്ട്രീയ രേഖ.

ദേശീയതലത്തിൽ ഇടതു പാർട്ടികളിൽ ചിലത് വ്യത്യസ്ത നിലപാടുകളെടുത്ത് നിൽക്കുന്നത് ഐക്യത്തിന്റെ ശക്തിക്ക് തടസമാകുന്നുവെന്നും രേഖ പറയുന്നു. കോൺഗ്രസ് അടക്കമുള്ള മതേതര പാർട്ടികളുമായി യോജിക്കണമെന്ന രാഷ്ട്രീയ ലൈൻ ആണ് സി.പി.ഐ എടുത്തിരിക്കുന്നതെന്ന് ഈ ഭാഗത്ത് ഓർമ്മിപ്പിക്കുന്നത് ശ്രദ്ധേയം. ആർ.എസ്.പിയുടെയും ഫോർവേഡ് ബ്ലോക്കിന്റെയും കേരള ഘടകങ്ങൾ യു.ഡി.എഫിലാണെന്നും ചൂണ്ടിക്കാട്ടുന്നു.

ദേശീയതലത്തിൽ ഇടത് മതേതര ബദൽ ആകണം രാഷ്ട്രീയപ്രചാരണവേദികളിൽ ഉയർത്തിക്കാട്ടേണ്ടത്.

അതിന് സാദ്ധ്യമാകുന്ന കക്ഷികളെയെല്ലാം അണിനിരത്താനാകണം. പാർട്ടിയുടെ ഈ രാഷ്ട്രീയനയത്തിനനുസരിച്ച് പരമാവധി ബി.ജെ.പി വിരുദ്ധ വോട്ടുകൾ സ്വരൂപിക്കാനാവുന്നതാകണം അടവുനയം. ജനങ്ങളുമായുള്ള ബന്ധം നിരന്തരം ശക്തിപ്പെടുത്തുകയും വർഗ, ബഹുജന പോരാട്ടങ്ങൾ ഏറ്റെടുത്ത് നടത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സ്വാധീനമില്ലാത്ത മേഖലകളിൽ പാർട്ടിയെ ശക്തിപ്പെടുത്താനാകൂ എന്ന് രേഖ ഓർമ്മിപ്പിക്കുന്നു.

കേന്ദ്രത്തിലേത് ഏകാധിപത്യ വർഗീയ ഭരണകൂടം

കേന്ദ്രത്തിലേത് ഏകാധിപത്യ-വർഗീയ ഭരണകൂടമെന്നാണ് രേഖ പറയുന്നത്. ഫാസിസ്റ്റ് ഭരണകൂടമെന്ന സി.പി.ഐയുടെയും ജനറൽ സെക്രട്ടറി യെച്ചൂരിയുടേതുമടക്കമുള്ള വാദഗതികളെ തള്ളുകയാണ് ഇതുവഴി. സങ്കുചിത ദേശീയവാദവും അസഹിഷ്ണുതയും കൈമുതലായുള്ള പ്രതിലോമശക്തിയാണ് ബി.ജെ.പി. ഫാസിസ്റ്റ് ശക്തിയായ ആർ.എസ്.എസിന്റെ നിർദ്ദേശാനുസരണം പ്രവർത്തിക്കുന്ന സാധാരണ ബൂർഷ്വാപാർട്ടി.

കോൺഗ്രസ്

വൻകിട ബൂർഷ്വാ- ഭൂപ്രഭുവർഗങ്ങളുടെ താത്പര്യം സംരക്ഷിക്കുന്ന കോൺഗ്രസിന് ബി.ജെ.പിയുടെ അതേ വർഗസ്വഭാവം. ഇതിന്റെ സ്വാധീനവും സംഘടനാശേഷിയും ഇടിഞ്ഞു. വർഗീയശക്തികൾക്കെതിരെ സ്ഥിരതയുള്ള പോരാട്ടത്തിന് കെല്പില്ല. നവ ഉദാരവത്കരണ അജൻഡയുടെ പ്രയോക്താക്കളാണ്.

മന്ത്രിമാർ തലസ്ഥാനത്ത് കൂടുതൽ സമയം ചെലവിടണം

മന്ത്രിമാർ ആഴ്ചയിൽ നാല് ദിവസം തലസ്ഥാനത്തുണ്ടാകണമെന്ന തീരുമാനം കർശനമായി പാലിക്കണമെന്ന് സി.പി.എമ്മിന്റെ പ്രവർത്തന റിപ്പോർട്ട് പറയുന്നു.

ഭരണം സുതാര്യമാകണമെന്നും ഭരണത്തണലിൽ പാർട്ടി പ്രവർത്തകർ അഹങ്കരിക്കരുതെന്നും ജനകീയ വിഷയങ്ങളിൽ കൂടുതൽ ഇടപെടണമെന്നും നിർദ്ദേശിക്കുന്നു. 22ന് തൃശ്ശൂരിൽ തുടക്കം കുറിക്കുന്ന സംസ്ഥാന സമ്മേളനത്തിൽ അവതരിപ്പിക്കേണ്ട പ്രവർത്തന റിപ്പോർട്ടിന് ഇന്നലെ സി.പി.എം സംസ്ഥാന കമ്മിറ്റി യോഗം അംഗീകാരം നൽകി.

രണ്ട് ദിവസം നിശ്ചയിച്ച യോഗം റിപ്പോർട്ട് അംഗീകരിച്ച് ഇന്നലെ അവസാനിപ്പിച്ചു.

ജില്ലാ സെക്രട്ടറിമാർ നിർദ്ദേശിച്ച തിരുത്തലുകൾ ഉൾപ്പെടുത്തിയാണ് റിപ്പോർട്ട് അംഗീകരിച്ചത്.